**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6487** **20-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷിനാശത്തിനും കുടിവെള്ള ദൗർലഭ്യത്തിനുമുള്ള പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ വിവിധ പുഴകളിലെ നീരൊഴുക്കും, ജലസംഭരണികളിലെ ജലത്തിന്റെ അളവും വലിയ തോതിൽ കുറഞ്ഞിരിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തൃശ്ശൂർ ജില്ലയിൽ തുലാവർഷം മുൻകാലങ്ങളെ അപേക്ഷിച്ച് താരതമ്യേന വളരെ കുറവായതിനാലും ഇത്തവണ സാധാരണയിലും നേരത്തെ കൃഷിക്കായി ജല വിതരണം ആരംഭിക്കേണ്ടതായി വന്നതിനാലും ചിമ്മിനി, വാഴാനി എന്നീ ഡാമുകളിലെ ജലത്തിന്റെ അളവ് മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിമ്മിനി ഡാമിലെ ഇന്നത്തെ (18.03.2023) വാട്ടർ ലെവൽ 55.90 മീറ്ററും സ്റ്റോറേജ് 35.241 $Mm^3$ ഉം ആണ്. ഇത് ആകെ സംഭരണശേഷിയുടെ 23.25% മാത്രമാണുള്ളത്. കഴിഞ്ഞ വർഷം ഇതേ തീയതിയിൽ ചിമ്മിനി ഡാമിലെ വാട്ടർ ലെവൽ 63.79 മീറ്ററും സ്റ്റോറേജ് 69.47 $Mm^3$ ഉം ആയിരുന്നു. ഇത് സംഭരണ ശേഷിയുടെ 45.84% ആണ്. അതുപോലെ തന്നെ വാഴാനി ഡാമിലെ ഇന്നത്തെ (18.03.2023) വാട്ടർ ലെവൽ 48.89 മീറ്ററും സ്റ്റോറേജ് 3.38 $Mm^3$ ഉം ആണ്. ഇത് സംഭരണശേഷിയുടെ 18.65% വെള്ളമാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം വാഴാനി ഡാമിലെ വാട്ടർ ലെവൽ 55.62 മീറ്ററും സ്റ്റോറേജ് 9.98 $Mm^3$ ഉം ആയിരുന്നു. ഇത് സംഭരണ ശേഷിയുടെ 55.07% വരുമായിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ചിമ്മിനി ഡാമിൽ 22.59 ശതമാനവും വാഴാനി ഡാമിൽ 36.42 ശതമാനവും വെള്ളം ഈ വർഷം കുറവാണ്. |
| (ബി) | ചാലക്കുടിപ്പുഴയിലെ നീരൊഴുക്കിലുണ്ടായിട്ടുള്ള കുറവ് മൂലം വൻതോതിലുള്ള കൃഷിനാശത്തിനും കുടിവെള്ള ദൗർലഭ്യത്തിനും പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ബി) | **ചാലക്കുടിപ്പുഴയിലേക്ക് ഷോളയാർ ഡാമിൽനിന്നും വെള്ളം കൃത്യമായി തുറന്നുവിട്ടാൽ മാത്രമേ ചാലക്കുടി പുഴയിൽ കൃത്യമായ അളവിൽ വെള്ളം ലഭിക്കുകയുള്ളൂ. നിലവിൽ 20% മാത്രമാണ് ലഭിച്ചുവരുന്നത്. "ചാലക്കുടിപുഴ ഡൈവേർഷൻ സ്കീം " ലൂടെ ഇടമലയാറിൽനിന്നും വെള്ളം എത്തിക്കുന്നതുമാത്രമാണ് ചാലക്കുടി ബേസിനിൽ** |

| | | | |
|---|---|---|---|
| | | | **അധികം ജലം എത്തിക്കാനുള്ള പോംവഴി. ഈ പദ്ധതിക്കായുള്ള 127 കോടി രൂപയുടെ DPR സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.** |

സെക്ഷൻ ഓഫീസർ